അവരുടെ പ്രവർത്തനങ്ങൾ കുറേകൂടി കാര്യക്ഷമമാക്കാൻ ശ്രമിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള ഒരു ഡിസ്ക്കഷന് വേണ്ടി അവർ തീരുമാനിച്ചതാണ്. പക്ഷേ ഇങ്ങനെ ഒരു പ്രശ്നമുണ്ടായ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇത് സംബന്ധിച്ച് ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്.

## VII. റൂളിംഗ്

മി. സ്പീക്കർ: നിയമസഭാ ചട്ടം 69 അനുസരിച്ച് ഒരു ബിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അത് പബ്ളിക് ഡോക്യൂമെന്റാണ്. ഇപ്രകാരം പബ്ളിക് ഡോക്യുമെന്റായ ഒരു ബില്ലിന്മേൽ ആർക്കും അഭിപ്രായം രേഖപ്പെടുത്തുന്നതിനും ചർച്ച ചെയ്യുന്നതിനും സ്വാതന്ത്ര്യമുണ്ട്. ബില്ലുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ ഉദ്ദേശ്യംതന്നെ ഇപ്രകാരമുള്ള ചർച്ചകളിലൂടെ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനും അതുവഴി ബില്ലിനെപ്പറ്റി പൊതുജനങ്ങൾക്കും നിയമസഭാംഗങ്ങൾക്കും കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനുമാണ്. അതിനാൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ബില്ലിന്മേൽ ഒരു ചർച്ച സംഘടിപ്പിക്കുന്നതിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ചെയർ കരുതുന്നില്ല. നിയമസഭാ ചട്ടത്തിന്റെ ഏതെങ്കിലും വകുപ്പുകളുടെ ലംഘനമായിട്ടും ഇത് കാണുന്നില്ല. എങ്കിൽപ്പോലും നിയമസഭാ ചട്ടം പരിഷ്ക്കരിക്കുന്നതിനു വേണ്ടിയുള്ള ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പറഞ്ഞതുപോലെ മുമ്പ് ഇതുപോലുള്ള ചർച്ച പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടില്ല. സഭയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു ചർച്ച ഇതിനുമുമ്പ് നടത്തിയിട്ടില്ല എന്നുള്ളതുകൊണ്ടു തന്നെ ഈ ചർച്ച ഇപ്പോൾ ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പറഞ്ഞ സ്ഥിതിക്ക് ഇത് നിയമസഭാ ചട്ടം പരിഷ്ക്കരിക്കുന്ന കമ്മിറ്റി വിശദമായി പരിശോധിച്ച് ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കണമെന്നാണ് ഇത് സംബന്ധിച്ച് ചെയറിന് പറയാനുള്ളത്. അതുവരെ ഇത് മാറ്റിവയ്ക്കാം.

## VIII. ധനകാര്യം

### 2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം ധനാഭ്യർത്ഥനയുടേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2009-10 സാമ്പത്തിക വർഷത്തെ ചെലവുകൾ

LIBRARY ARCHIVES Kerala Legislative Assembly